# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5010 14.11.2019-ൽ മറുപടിയ്ക്ക്**

**<u>ഇടക്കൊച്ചി ഫിഷ് ഫാമിൽ നവീകരണ പദ്ധതികൾ</u>**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി ഫിഷ് ഫാമിൽ നടത്തുന്ന നവീകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ XX- ൽ ഉൾപ്പെടുത്തി ഇടക്കൊച്ചി ഫിഷ് ഫാം നവീകരണത്തിനായി 12.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി പ്രകാരം 8 പോണ്ടുകളുടെയും അതിനോട് അനുബന്ധിച്ചുള്ള കൾവർട്ടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള തുക വിനിയോഗിച്ചു കൊണ്ട് തുടർപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 6.5x13m വലിപ്പമുള്ള 4 റിയറിംഗ് കുളങ്ങൾ, 4x2m വലിപ്പമുള്ള നഴ്സറി പോണ്ടുകൾ, ഓഫീസ്, സ്റ്റോർ, റസ്റ്റോറന്റ് വൈദ്യുതീകരണം എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ഇതിൽ പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ; | ബി) അഡീഷണൽ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി റസ്റ്റോറന്റ് കം ഓഫീസ് ബിൽഡിംഗ്, റിയറിംഗ് കുളങ്ങൾ, നഴ്സറി കുളങ്ങൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| സി) ആകെ എത്ര തുകയാണ് പ്രസ്തുത നവീകരണ പദ്ധതികൾക്കായി ചെലവഴിക്കുന്നതെന്ന് അറിയിക്കുമോ? | സി) ഇടക്കൊച്ചി ഫിഷ് ഫാം നവീകരണത്തിനായി 1200.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതിൽ 902.41 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ 1200.00 ലക്ഷം രൂപ പൂർണ്ണമായും ചെലവാകും എന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**